എക്സ്റേ പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ നടപടി

117 (3877) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ പ്രവർത്തനക്ഷമം അല്ലാത്ത എക്സ്റേ പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നാല് എക്സ്റേ യൂണിറ്റുകൾ പ്രവർത്തനക്ഷമമല്ല. രണ്ടു യൂണിറ്റിന്റെ കേടായ ട്യൂബ് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. രണ്ടാമത്തെ യൂണിറ്റ് ഇതുവരേയും ചില സാങ്കേതിക തടസ്സങ്ങളാൽ സ്ഥാപിച്ചിട്ടില്ല. ഇതു സ്ഥാപിക്കുന്നതിനായി കമ്പനിയുമായി സർക്കാർ തലത്തിൽ ചർച്ച നടത്തിക്കഴിഞ്ഞു. ഈ മാസം ഈ എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമാകുമെന്നു കരുതുന്നു. മൂന്നാമത്തെ യന്ത്രം കേടായത് നന്നാക്കുവാൻ സാധിക്കാത്തതിനാൽ കണ്ടം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നാലാമത്തെ മെഷീൻ റിപ്പയർ ചെയ്തു കൊണ്ടിരിക്കുകയാണ്. അതു ഉടനെ പ്രവർത്തനക്ഷമമാകും.

തിരുവനന്തപുരത്ത് കേന്ദ്രസർക്കാരിന്റെ ആയുർവേദ ഉന്നത ഗവേഷണ സ്ഥാപനം

118 (3882) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ തലസ്ഥാന നഗരിയിൽ ആയുർവേദത്തിനായി ഒരു ഉന്നത ഗവേഷണ സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ആയതിനാവശ്യമായ സ്ഥലം സർക്കാർ വിട്ടുകൊടുക്കേണ്ടതുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ എത്രത്തോളമായി എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഭാരത സർക്കാരിൽ നിന്ന് വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

ആയുർവേദ ഡിപ്പാർട്ടുമെന്റിലെ സ്പെഷ്യൽ റൂൾ ഭേദഗതി

119 (3883) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ഡിപ്പാർട്ടുമെന്റിലെ മെഡിക്കൽ ഓഫീസർ മുതൽ ഡയറക്ടർ വരെയുള്ളവരുടെ അടിസ്ഥാന യോഗ്യത എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly